# മണ്ണാങ്കട്ട

ബിജോയ് ശാമുവേൽ അബുദാബി

പാപത്തിൽ വീണവരെ വീണ്ടെടുക്കാനായി
വിണ്ണിൽ നിന്നും മണ്ണിലെത്തിയവൻ
മണ്ണാങ്കട്ടയെ മണവാട്ടിയാക്കിടുവാൻ
മദ്ധ്യാകാശത്തിലെത്തിടും മണവാളൻ

അർദ്ധപ്രാണനായി തള്ളിയിടുമ്പോൾ
പ്രാണപ്രിയൻ താങ്ങിടുമേ
അരികിലെത്തി എൻ മുറിവുകളിൽ
അരുമനാഥൻ തലോടിടുമേ.

പണിയണമെയെന്നെയും നിൻ കരത്താൽ
പാപികളാം നിൻ മക്കളെയും
ചൊരിയണമെ നിൻ കൃപയിൻ ശോഭ
ചേർത്തീടണമെ നിൻ പൊൻ കരത്തിൽ

വഹിക്കണമെ എൻ ശാപത്തെയും
ക്ഷമിക്കണമെ എൻ പാപത്തെയും
തള്ളരുതേ എന്നെയും നാശ വഴിയിൽ
കൊള്ളണമെ നാഥാ നിൻ നഗരത്തിൽ

കാത്തിടുന്നു നാഥാ തവ വരവിങ്കൽ
കാഴ്ചകളായിയെന്നെ തവ പാദത്തിങ്കൽ
കഷ്ടനഷ്ടങ്ങളെയും സഹിച്ചും വഹിച്ചും
കർത്താവിൻ കുഞ്ഞുങ്ങളാക്കിടണേ.



